# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 962 25.01.2018 -ലെ മറുപടി

## കൃഷിക്കാവശ്യമായ വെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ.രാജേഷ് | | മാത്യു.ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കെ ഐ പി ,പി ഐ പി കനാലുകളിലൂടെ മാവേലിക്കര മണ്ഡലത്തിലെ കൃഷിക്കാവശ്യമായ വെള്ളം അടിയന്തരമായി എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | നിലവിൽ ഇതിനെന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഈ വർഷം എന്നു വെള്ളമെത്തിക്കുവാൻ കഴിയും; | (ബി) | വലിയ തോതിൽ ചോർച്ച അനുഭവപ്പെടുന്നുണ്ട്. അത് പരിഹരിച്ച് ജനുവരി 25 ഓടുകൂടി വെള്ളമെത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പി ഐ പി കനാലിൽ കഴിഞ്ഞ വർഷവും വെള്ളമെത്തിക്കുവാൻ കഴിഞ്ഞില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;പി ഐ പി യുടെ ഭാഗമായി എത്ര ജീവനക്കാർ ജോലി ചെയ്യുന്നു; ഇവരുടെ ജോലിയുടെ സ്വഭാവം വിശദമാക്കുമോ; ഇവരുടെ ജോലിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | ജലം കനാലിലൂടെ തുറന്നുവിട്ടതിനെ തുടർന്ന് വടശ്ശേരിക്കരയിൽ കനാൽ ബ്രീച്ച് ഉണ്ടായത് പരിഹരിക്കുവാൻ സമയമെടുത്തതുകാരണം കഴിഞ്ഞ വർഷം ജലവിതരണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; പി.ഐ.പി. ചെങ്ങന്നൂർ ഡിവിഷനുകീഴിൽ 51 സ്ഥിരം ജീവനക്കാരും 55 താൽക്കാലിക ജീവനക്കാരും ഉണ്ട്. ഇവരുടെ ജോലിയുടെ സ്വഭാവം അനുബന്ധമായി ചേർക്കുന്നു.<br><br>ജലവിതരണവുമായി ബന്ധപ്പെട്ട് മീറ്റിംഗുകൾ വിളിച്ചുകൂട്ടുകയും പ്രസ്തുത മീറ്റിംഗിൽ ജലവിതരണം സമയബന്ധിതമായി നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| തസ്തികയുടെ പേര് | ജീവനക്കാരുടെ എണ്ണം | ജോലിയുടെ സ്വഭാവം |
|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 | പദ്ധതിയുടെ നടത്തിപ്പ് തലവൻ |
| ഡിവിഷണൽ അക്കൗണ്ടന്റ് | 1 | ധനവിനിയോഗ തലവൻ |
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 | നിയന്ത്രണവും മേൽനോട്ടവും |
| അസി. എഞ്ചിനീയർ | 3 | മേൽനോട്ടവും നിർവ്വഹണവും |
| ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 | 5 | ഡ്രായിംഗ് ബ്രാഞ്ച് |
| ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2 | 7 | ഡ്രായിംഗ് ബ്രാഞ്ച് |
| മൂന്നാംതരം ഓവർസിയർ | 6 | സൈറ്റ് & ഫീൽഡ് സൂപ്പർവിഷൻ |
| ലസ്കർ | 4 | കനാൽ പരിശോധന |
| ട്രേസർ | 1 | ഡ്രായിംഗ് ബ്രാഞ്ചിനെ സഹായിക്കുക |
| ബ്ലൂ പ്രിന്റർ | 1 | ഡ്രായിംഗ് ബ്രാഞ്ചിനെ സഹായിക്കുക |

മിനിസ്റ്റീരിയൽ സ്റ്റാഫ്

| തസ്തികയുടെ പേര് | ജീവനക്കാരുടെ എണ്ണം | ജോലിയുടെ സ്വഭാവം |
|---|---|---|
| ജൂനിയർ സൂപ്രണ്ട് | 2 | ഭരണ മേൽനോട്ടം |
| ഹെഡ് ക്ലർക്ക് | 1 | ഭരണ മേൽനോട്ടം |
| യു.ഡി/എൽ.ഡി ക്ലർക്ക് | 6 | ഭരണ മേൽനോട്ടം |
| എൽ.ഡി ടൈപ്പിസ്റ്റ് | 2 | ടൈപ്പിംഗ് |
| ഓഫീസ് അറ്റൻഡന്റ് | 3 | മിനിസ്റ്റീരിയൽ സ്റ്റാഫ് |
| പാർട്ട് ടൈം സ്വീപ്പർ | 3 | ഓഫീസ് ക്ലീനിംഗ് |
| ഡ്രൈവർ | 1 | ഡ്രൈവിംഗ് |
| നൈറ്റ് വാച്ച്മാൻ | 1 | ഓഫീസ് കാവൽ |
| SLR | 27 | കനാലും പരിസരവും വൃത്തിയാക്കൽ |
| CLR | 28 | കനാലും പരിസരവും വൃത്തിയാക്കൽ |

സെക്ഷൻ ഓഫീസർ